മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഒക്ടോബർ 23

# വാർത്താക്കുറിപ്പ്

## ശാസ്ത്ര ഗവേഷണത്തിലെ മികവ്; പ്രൊഫ. സാബു തോമസ് യൂറോപ്യൻ അക്കാദമി ഓഫ് സയൻസസിന്റെ അംഗത്വം സ്വീകരിച്ചു

ശാസ്ത്ര സാങ്കേതിക ഗവേഷണ മേഖലയിലെ മികവിന് ആദരമായി യൂറോപ്യൻ അക്കാദമി ഓഫ് സയൻസസ് നൽകിയ അംഗത്വം സ്പെയിനിലെ മാഡ്രിഡിൽ നടന്ന ചടങ്ങിൽ മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറും പ്രമുഖ പോളിമർ - നാനോ സയൻസ് ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസ് സ്വീകരിച്ചു.

അക്കാദമി പ്രസിഡന്റ് പ്രൊഫ. റൊഡ്രിഗോ മാർട്ടിൻസ്, വൈസ് പ്രസിഡന്റ് പ്രൊഫ. അലൈൻ ടൈഷൗദ് എന്നിവർ ചേർന്നാണ് അംഗത്വ സർട്ടിഫിക്കറ്റ് കൈമാറിയത്. നൊബേൽ, ഫീൽഡ്സ് മെഡൽ, വൂൾഫ് പ്രൈസ്, ആബൽ പ്രൈസ് ജേതാക്കളും ലോകത്തെ പ്രമുഖ ശാസ്ത്രജ്ഞരും അംഗമായ സ്വതന്ത്ര രാജ്യാന്തര സമിതിയാണ് യൂറോപ്യൻ അക്കാദമി ഓഫ് സയൻസസ്. കെമിസ്ട്രി ഡിവിഷനിൽ പ്രൊഫ. സാബു തോമസിന് മാത്രമാണ് അംഗത്വം ലഭിച്ചിട്ടുള്ളത്. ഈ മേഖലയിൽ ഇന്ത്യയിൽ നിന്ന് അംഗത്വം ലഭിക്കുന്ന രണ്ടാമത്തെയാളാണ് പ്രൊഫ. സാബു തോമസ്.

ലോകപ്രശസ്തരായ ശാസ്ത്രജ്ഞരുമായി ഗവേഷണബന്ധം സ്ഥാപിക്കാനും സർവകലാശാലയ്ക്ക് ഗവേഷണ മേഖലയിൽ നേട്ടം കൈവരിക്കാനും യൂറോപ്യൻ അക്കാദമി ഓഫ് സയൻസസിന്റെ അംഗത്വം പ്രയോജനപ്പെടും. സ്കോപസ് ഇൻഡക്സ്ഡ് ജേർണലുകളുടെ ആയിരത്തിലധികം പബ്ലിക്കേഷനുകളും എച്ച് ഇൻഡക്സിലെ 96-ാം സ്ഥാനവും 43003 സൈറ്റേഷനുകളുമടക്കം അക്കാദമിക മികവുകൾ അടിസ്ഥാനമാക്കിയാണ് അംഗത്വത്തിന് തിരഞ്ഞെടുത്തത്.

സി.എൻ.ആർ. റാവു ലക്ചർ അവാർഡ്, പ്രൊഫസർ അറ്റ് ലൊറൈൻ പദവിയടക്കം വിവിധ രാജ്യാന്തര ബഹുമതികൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

## ഫോട്ടോ ക്യാപ്ഷൻ

**ശാസ്ത്ര സാങ്കേതിക ഗവേഷണ മേഖലയിലെ മികവിന് ആദരമായി യൂറോപ്യൻ അക്കാദമി ഓഫ് സയൻസസ് നൽകിയ അംഗത്വം സ്പെയിനിലെ മാഡ്രിഡിൽ നടന്ന ചടങ്ങിൽ മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറും പ്രമുഖ പോളിമർ - നാനോ സയൻസ് ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസ് സ്വീകരിച്ചപ്പോൾ**

(പി.ആർ.ഒ/39/1868/2019)

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എ./ എം.സി.ജെ./ എം.എം.എച്ച്./ എം.എസ്.ഡബ്ല്യു./ എം.ടി.എ./ എം.ടി.ടി.എം. (2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ അഞ്ചുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1869/2019)

മൂന്നാം സെമസ്റ്റർ എം.എസ്‌സി. (2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ അഞ്ചുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1870/2019)

മൂന്നാം സെമസ്റ്റർ എം.കോം. (2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ അഞ്ചുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1871/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (2017 അഡ്മിഷൻ റഗുലർ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പ്രൈവറ്റ് ജൂലൈ 2019 പരീക്ഷയുടെ വൈവാവോസി നവംബർ നാല്, അഞ്ച് തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1872/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നും രണ്ടും നാലും സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1873/2019)

2017 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (2016 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1874/2019)

## ജൂനിയർ റിസർച്ച് ഫെലോ; വോക് ഇൻ ഇന്റർവ്യൂ ഒക്ടോബർ 25ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ ജൂനിയർ റിസർച്ച് ഫെലോയ്ക്കുള്ള (എം.എസ്സി. മൈക്രോബയോളജി/എം.എസ്സി. ബയോടെക്നോളജി) വോക് ഇൻ ഇന്റർവ്യൂ ഒക്ടോബർ 25ന് രാവിലെ 10ന് പഠനവകുപ്പിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1875/2019)

## എൻഡോവ്മെന്റ് വിതരണം ഒക്ടോബർ 26ന്

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ എൻഡോവ്മെന്റ് ജേതാക്കൾക്കുള്ള അവാർഡുകൾ ഒക്ടോബർ 26ന് വിതരണം ചെയ്യും. 2013, 2014 വർഷത്തെ എൻ. ഗോവിന്ദമേനോൻ മെമ്മോറിയൽ എൻഡോവ്മെന്റ്, 2012 മുതൽ 2015 വരെയുള്ള അന്നമ്മ കുഞ്ചാക്കോ മെമ്മോറിയൽ എൻഡോവ്മെന്റ്, മാവേലിക്കര ആർ. പ്രഭാകര വർമ്മ എൻഡോവ്മെന്റ്, 2012, 2013 വർഷത്തെ പ്രൊഫ. പി.സി. മേനോൻ എൻഡോവ്മെന്റ് എന്നിവയാണ് വിതരണം ചെയ്യുന്നത്. 26ന് ഉച്ചയ്ക്ക് രണ്ടിന് സർവകലാശാല സെനറ്റ് ഹാളിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ വിതരണം നിർവഹിക്കും.

(പി.ആർ.ഒ/39/1876/2019)

## സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സേവനം

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ പ്രവർത്തിക്കുന്ന ഡിസബിലിറ്റി റീഹാബിലിറ്റേഷൻ എയർലി അസസ്മെന്റ് ആന്റ് മാനേജ്മെന്റ് സർവീസസിൽ (ഡ്രീംസ്) മാനസികാരോഗ്യപ്രശ്നങ്ങൾ, സംസാരഭാഷാ പ്രശ്നങ്ങൾ, കുട്ടികളിലെ സംസാര ഭാഷാപ്രശ്നങ്ങൾ, ബുദ്ധിവികാസം, കുട്ടികളിലും കൗമാരക്കാരിലും മുതിർന്നവരിലുമുള്ള മാനസികാരോഗ്യപ്രശ്നങ്ങൾ എന്നിവയിൽ സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്. വിശദവിവരത്തിന് ഫോൺ: 0481-2731580.

(പി.ആർ.ഒ/39/1877/2019)

## സത്യാന്വേഷണമായിരുന്നു ഗാന്ധിജിയുടെ മൊഴിയും പൊരുളും: പ്രൊഫ. എം.എൻ. കാരശേരി

ഗാന്ധിജിയുടെ മൊഴിയും പൊരുളും സത്യാന്വേഷണമായിരുന്നെന്നും സത്യം മൂർത്തമായ വസ്തുതയാണെന്ന് വിശ്വസിച്ച എഴുത്തുകാരനായിരുന്നു അദ്ദേഹമെന്നും പ്രൊഫ. എം.എൻ. കാരശേരി. മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിച്ച വി.സി. ഹാരിസ് വൈജ്ഞാനിക സദസിൽ 'ഗാന്ധി: മൊഴിയും പൊരുളും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

എഴുത്തുകാരൻ എന്ന നിലയിൽ വലിയ സംഭാവനകളാണ് ഗാന്ധിജി നൽകിയിട്ടുള്ളത്. അദ്ദേഹത്തിന്റെ എഴുത്തുകളുടെ ശേഖരം വളരെ വലുതാണ്. പത്രപ്രവർത്തകനായിരുന്ന കാലഘട്ടത്തിലും സത്യത്തെ മുറുകെപ്പിടിച്ച് വാക്ക് ശക്തമായി ഉപയോഗിച്ചിരുന്നു അദ്ദേഹം. ഗാന്ധിജിയെ വിമർശിക്കാമെങ്കിലും അവഗണിക്കരുത്. മതം രാഷ്ട്രത്തെ സേവിക്കലാണ് എന്നതായിരുന്നു ഗാന്ധിജിയുടെ കാഴ്ചപ്പാട്. എന്നാലിന്ന് മതം, കച്ചവടം, രാഷ്ട്രീയം എന്നിവ ഒന്നിച്ച്, തിരിച്ചറിയാൻ കഴിയാത്തവിധം കുഴഞ്ഞുമറിഞ്ഞിരിക്കുന്നു. ഭരണഭാഷ മാതൃഭാഷയായിരിക്കണമെന്നായിരുന്നു ഗാന്ധിജിയുടെ നിലപാടെന്നും അദ്ദേഹം പറഞ്ഞു.

വൈജ്ഞാനിക സദസിന്റെ പൊതുസമ്മേളനം പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. 'മതേതരാനന്തര കാലത്തെ പ്രവണതകൾ: പ്രതികരണം' എന്ന വിഷയത്തിൽ ഹൈദരാബാദ് സർവകലാശാലയിലെ അധ്യാപകൻ ഡോ. എം.ടി. അൻസാരി പ്രബന്ധം അവതരിപ്പിച്ചു. പ്രൊഫ. കെ.എം. സീതി മോഡറേറ്ററായി. ഡോ. സജി മാത്യു, ഡോ. രേഖ രാജ് എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിച്ച വി.സി. ഹാരിസ് വൈജ്ഞാനിക സദസിന്റെ ഭാഗമായി 'ഗാന്ധി: മൊഴിയും പൊരുളും' എന്ന വിഷയത്തിൽ പ്രൊഫ. എം.എൻ. കാരശേരി പ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ/39/1878/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ